LIBRARY ARCHIVES Kerala Legislative Assembly

ദളിത് ക്രൈസ്തവ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും

173 (8233) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ദളിത് ക്രൈസ്തവ വിദ്യാർത്ഥികളുടെ കഴിഞ്ഞ വർഷത്തെ ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും കൊടുത്തുതീർത്തിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) എങ്കിൽ പ്രസ്തുത കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും ഈ അദ്ധ്യയന വർഷത്തെ ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും മുടക്കംകൂടാതെ കൊടുക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദളിത് ക്രൈസ്തവർ ഉൾപ്പെടെയുള്ളവർക്ക് കെ.പി.സി.ആർ. ആനുകൂല്യങ്ങൾക്ക് കുടിശ്ശിക ഇനം വിതരണം ചെയ്യുന്നതിനായി 54 കോടി രൂപയിൽ 47.5 കോടി രൂപ ഇതിനകംതന്നെ നൽകിക്കഴിഞ്ഞു. ബാക്കി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കടങ്ങൾ എഴുതിത്തള്ളുന്നതിന് പദ്ധതി

174 (8234) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കഴിഞ്ഞ സർക്കാർ പട്ടികജാതി-പട്ടികവർഗ്ഗങ്ങളുടെയും ദളിത് ക്രൈസ്തവരുടേയും കടങ്ങൾ എഴുതിത്തള്ളുന്നതു സംബന്ധിച്ച് ഒരു സ്കീം പ്രഖ്യാപിച്ചിരുന്നോ ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിയനുസരിച്ച് എത്ര പട്ടികജാതിക്കാരുടെയും എത്ര പട്ടികവർഗ്ഗക്കാരുടെയും എത്ര ദളിത് ക്രൈസ്തവരുടെയും കടങ്ങൾ ഏതൊക്കെ വർഷങ്ങളിലായി എഴുതിതള്ളിയെന്ന് വ്യക്തമാക്കാമോ ;